ശ്രീ. പി. സി. ആദിച്ചൻ : ഇതു രൂപകൊണ്ടു് ഈ ഇനിഗേഷൻ വക്കേറ്റംക്കു മതിയാകുകയില്ല എന്നും ഡിസ്ട്രിക്റ്റ് ഡവലപ്പുമെന്റു കൗൺസിൽ അതാണുകൊല്ലം അപ്രൂവ് ചെയ്തതെങ്കിലും ഈ തുകകൊണ്ടു് ഒരു ജോലിയും ചെയ്യാൻ സാധ്യമല്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഇതെല്ലാം പരിഗണിച്ചു എത്ര തുക പ്രതീക്ഷിക്കാം. ഡിസ്ട്രിക്റ്റ് ഡവലപ്പുമെന്റു കമ്മിറ്റി അപ്രൂവ് ചെയ്താലും ഈ ആണ്ടത്തെ ബഡ്ജറ്റിൽ വച്ചിരിക്കുന്ന തുക ചെലവുചെയ്തു എത്ര വർക്കാണു് പൂർത്തിയാക്കാൻ പോകുന്നതു് ?

ശ്രീ. ഇ. പി. പൗലോസു് : റൂൾ 61 അനുസരിച്ചോ മറ്റൊ ചോദിച്ചാൽ മറുപടി പറയാം. ഇപ്പോൾ എന്താണു് ചോദിച്ചതെന്നുതന്നെ മനസ്സിലായില്ല.

ശ്രീ. പി. സി. ആദിച്ചൻ : ഇപ്പോൾ ഈ കൊല്ലം ഡിസ്ട്രിക്റ്റ് ഡവലപ്പുമെന്റു കൗൺസിൽ അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽനിന്നും എത്ര വർക്കുകൾ ഈ ആണ്ടിൽ ചെയ്യാനാകും എന്നാണു് എന്റെ ചോദ്യം. എത്ര വർക്കുകൾ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. പി. പൗലോസു് : വർക്കുകളുടെ ടെൻഡേഴ്സു് വിളിച്ചിട്ടുള്ളതിന്റേയും വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നതിന്റേയും ആരംഭിച്ചിട്ടില്ലാത്തതിന്റേയും ലിസ്റ്റുകൾ പ്രത്യേകമായി തന്നിട്ടുണ്ടു്.

മി. സ്പീക്കർ : ലിസ്റ്റു നല്ലപോലെ പഠിച്ചിട്ടു ചോദിക്കണം.

ശ്രീ. പി. സി. ആദിച്ചൻ : ലിസ്റ്റു ഇപ്പോഴല്ലേ കിട്ടിയുള്ളു. പിന്നെ എപ്പോഴാണു് പഠിക്കുന്നതു്?

മി. സ്പീക്കർ : ഒരു മണിക്കൂർ കിട്ടിയല്ലോ ? അതുമതി.

WRITTEN ANSWERS

പുതിയ കേരള സ്റ്റാമ്പുകൾ

* 799. [19] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കേരളാസ്റ്റേറ്റു രൂപീകരിച്ചതിനുശേഷം ഇപ്പോഴും കേരള പിഡനം ഇല്ലാത്ത സ്റ്റാമ്പുകൾ അച്ചടിച്ചുകൊണ്ടിരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഇനങ്ങളിലുള്ള സ്റ്റാമ്പുകൾ ;

(സി) കേരള സ്റ്റാമ്പുകളുടെ മൈ ഉണ്ടാക്കി ഇനിയും സ്റ്റാമ്പുകൾ പുതിയ രൂപത്തിൽ അച്ചടിച്ചുണ്ടാക്കുന്നതിനു താമസം എന്തു് ?

(ഡി) തിരുവിതാംകൂർ മഹാരാജാവിന്റെ പടമുള്ള സ്റ്റാമ്പുകൾ വിറ്റു തീരാൻ ഇനിയും എത്ര കൊല്ലം വേണ്ടിവരും ?

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. റ്റി. എ. തോമ്മൻ) :

(എ) ഉണ്ടു്.

(ബി) 1. ജനറൽ സ്റ്റാമ്പു് പത്തുതരം
2. കോർട്ടുഫീസു് സ്റ്റാമ്പു പത്തുതരം.
3. കോർട്ടുഫീസു് സ്റ്റാമ്പുകൾ (ഏഴു് ഇനം)
4. അഞ്ചു് ന.പ. റവന്യൂ സ്റ്റാമ്പുകൾ
5. ഷെയർ ട്രാൻസ്ഫർ സ്റ്റാമ്പുകൾ (ആറു് ഇനം)
6. ഫോറിൻ ബിൽ സ്റ്റാമ്പുകൾ (പതിനഞ്ചു് ഇനം)
7. സ്പെഷ്യൽ അഡ്ഹസീവു് സ്റ്റാമ്പുകൾ (ആറു് ഇനം)
8. ഇൻഷ്വറൻസു് സ്റ്റാമ്പുകൾ (നാലു് ഇനം)
9. ഫ്രാങ്കി സ്റ്റാമ്പുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരത്തെ സ്റ്റാമ്പ മാനഫാക്ചറിയിൽ പ്രോസസ്സ് ഡൈ ഉണ്ടാക്കുന്നതിനുവേണ്ടുന്ന യന്ത്രസാമഗ്രികളും ഇല്ല. പുതിയ കേരള, ചിഹ്നത്തോടുകൂടിയ സ്റ്റാമ്പുകളുടെ പ്രോസസ്സ് ഡൈ ഉണ്ടാക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

(ഡി) തിരുവിതാംകൂർ മഹാരാജാവിന്റെ പടമുള്ള അഞ്ചു ന.പൈസ റവന്യൂ സ്റ്റാമ്പുകളും മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. പുതിയ കേരള അഞ്ചു ന.പൈസ റവന്യൂ സ്റ്റാമ്പ് പുറപ്പെടുവിക്കുന്നതുവരെ മഹാരാജാവിന്റെ പടമുള്ള അഞ്ചു ന.പൈസ റവന്യൂ സ്റ്റാമ്പിന്റെ വിൽപ്പന തുടരുന്നതാണ്.

നേന്ത്രക്കായ് കയറ്റുമതി കോർപ്പറേഷൻ

* 800. [20] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശങ്ങളിലേക്ക് നേന്ത്രക്കായ് കയറ്റി അയക്കുന്നതു സംബന്ധിച്ച് കോർപ്പറേഷന്റെ പ്രവർത്തനം നമ്മുടെ സ്റ്റേറ്റിൽ എന്തൊക്കെയാണ് ;

(ബി) സ്റ്റേറ്റ് ഗവണ്മെന്റ് ഇതിൽ ഷെയർ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) 1962-63 വർഷത്തിൽ എത്ര ടൺ വാഴപ്പഴം നാം കയറ്റി അയച്ചു?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ, ബി) ദി സൗത്ത് ഇൻഡ്യാ ബനാനാ ആൻറ് ഫ്രൂട്ട് ഡവലപ്പ്മെൻറ് കമ്പനി അടുത്തുതന്നെ രജിസ്റ്റർചെയ്യുന്നതാണ്. അതിൽ ഗവണ്മെൻറ് 1,27,500 രൂപായുടെ ഷെയർ എടുക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ട്.

(സി) കേരളത്തിൽനിന്നും കയറ്റി അയച്ചതായി അറിവില്ല.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷൻ.

* 801. [23] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്വേഷണത്തിനു വിധേയമായി എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ ഇപ്പോൾ സസ്പെൻഷനിലുണ്ട്; ആരൊക്കെ ;

(ബി) ഹൊസ്ദുർഗ് സബ്ഇൻസ്പെക്ടർ ശങ്കരൻ നമ്പ്യാർ സസ്പെൻറ് ചെയ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കാരണമെന്താണ് ;

(ഡി) ആരാണ് ആക്ഷേപം ബോധിപ്പിച്ചത് ;

(ഇ) അന്വേഷണം കഴിഞ്ഞുവോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 129. അവരുടെ പേരുവിവരം † അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) കാസർകോട് ആർ. ഡി. ഒ. നടത്തിയ പ്രാഥമികാന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കണ്ടതുകൊണ്ട്.

(ഡി) എം. എൽ. എ. ശ്രീ. കുഞ്ഞികൃഷ്ണൻ നായർ.

(ഇ) ഇല്ല.

† Appendix II

LIBRARY ARCHIVES Kerala Legislative Assembly